**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 29.03.2024 മുതൽ 02.04.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 13/2024 (26) വ്യാഴം | തീയ്യതി 28/03 /2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 29.03.2024 | 30.03. 2024 | 31.03.2024 | 01.04. 2024 | 02.04.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.2 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 39 | 39 | 39 | 39 | 39 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 38 | 38 | 38 | 38 | 38 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 70 | 50 | 20 | 70 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 4 | 6 | 5 | 5 |

കാലാവസ്ഥാ അറിയിപ്പ്:-പാലക്കാട് ജില്ലയിൽ 28.03.2024 മുതൽ 01.04.2024 വരെ കൂടിയ താപനില ഏകദേശം 39 ℃ ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവാചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.
കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:** വേനൽച്ചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ട്ടം ഒരുപരിധിവരെ കുറക്കാനാകും.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പുഞ്ച) കതിരു വന്ന പരുവം | - | ഉയർന്ന താപനില നെല്ലിന്റെ പരാഗണത്തെ പ്രതികൂലമായി ബാധിക്കും. നെല്ലിൽ കതിർ വന്ന പരുവം ആയതിനാൽ നെല്പാടങ്ങളിൽ ജല ലഭ്യത ഉറപ്പ് വരുത്തുക. വൈകി വിതച്ച പാടങ്ങളിൽ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. |
| തെങ്ങ് | കൊമ്പൻ ചെല്ലി | നല്ല രീതിയില് തെങ്ങിൻറെ മുകൾ ഭാഗം വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിന് പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തില് തെങ്ങോല കവിളകള്ക്കിടയില് ഇട്ടു കൊടുക്കുന്നത് കൊമ്പന് ചെല്ലിയുടെ ആക്രമണം തടയാന് സഹായിക്കുന്നു. |
| പച്ചക്കറികൾ | - | പച്ചക്കറി തൈകള് നടുന്നതിനുള്ള കൃഷിസ്ഥലങ്ങള് ഒരുക്കുമ്പോൾ ഒരു സെന്ററിന് 2 കിലോ എന്ന തോതില് കുമ്മായം മണ്ണില് ചേർത്ത് കൊടുക്കാം. നഴ്സറി തൈകളില് 19:19:19, 2-3 മി.ലി. ഒരു ലിറ്റർ വെള്ളത്തില് അല്ലെങ്കില് 10g സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തില് എന്ന തോതില് തളിച്ചു കൊടുക്കാവുന്നതാണ്. തൈകള് നടുന്നതിനോപ്പം മണ്ണില് വേപ്പിന് പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് വിളകളെ കീട-രോഗങ്ങളില് നിന്നും സംരക്ഷിക്കുന്നു. കീടരോഗ നിയന്ത്രണത്തിന് ജൈവ മാർഗ്ഗങ്ങള് അവലംബിക്കുന്നതാണ് ഉചിതം. ജല സംരക്ഷണത്തിനായി പച്ചക്കറികളിൽ തിരിനന, തുള്ളിനന എന്നിവ അവലംബിക്കുക. |

മൃഗസംരക്ഷണം -: വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാന് വിടാതിരിക്കുക. (CAADECCS, KVASU, Mannuthy).